# സി എഫ് ആർ ഡി യുടെ സാമ്പിൾ കളക്ഷൻ സെന്റർ ഇനി സപ്ലൈകോ ആസ്ഥാനത്തും

സംസ്ഥാന ഭക്ഷ്യവകുപ്പിന്റെ സ്ഥാപനമായ, കൗൺസിൽ ഫോർ ഫുഡ് റിസർച്ച് ആൻഡ് ഡവലപ്മെന്റ് (സി എഫ് ആർ ഡി) ന്റെ ഒരു കളക്ഷൻ സെന്റർ കടവന്ത്രയിലുള്ള സപ്ലൈകോ ആസ്ഥാനത്ത് ഫെബ്രുവരി 14 മുതൽ പ്രവർത്തനം ആരംഭിച്ചു. ഗുണമേന്മ പരിശോധനക്കുള്ള ഭക്ഷ്യപദാർത്ഥങ്ങളുടെയും ജലത്തിന്റെയും സാമ്പിളുകൾ ഇനി മുതൽ ഈ കളക്ഷൻ സെന്ററിൽ കൂടിയും സ്വീകരിക്കുന്നതാണ്. മൈക്രോബയോളജി, കെമിക്കൽ എന്നീ വിഭാഗങ്ങൾ അടങ്ങിയ ലോകോത്തര നിലവാരത്തിലുള്ള ഫുഡ് ക്വാളിറ്റി മോണിട്ടറിംഗ് ലബോറട്ടറിക്ക് (എഫ്. ക്യു. എം. എൽ) എൻ എ ബിഎൽ, ഫുഡ് സേഫ്റ്റി സ്റ്റാൻഡേർഡ് അതോറിറ്റി ഓഫ് ഇൻഡ്യ എന്നിവയുടെ അംഗീകാരവും ഉള്ളതാണ്.

എല്ലാത്തരം ഭക്ഷണ പദാർത്ഥങ്ങളുടെയും (കറി പൗഡറുകൾ, സുഗന്ധവ്യഞ്ജനങ്ങൾ, ജലം, പാചക എണ്ണ, തേൻ, പുളി, പയർ, പരിപ്പ്, ധാന്യങ്ങൾ, കാപ്പിപ്പൊടി, തേയില, ഉപ്പ്, പഞ്ചസാര, ശർക്കര, റെഡി ടു ഈറ്റ് ആൻഡ് കുക്ക് ഐറ്റംസ്), മൃഗങ്ങൾ, കോഴി, മത്സ്യം ഇവയ്ക്കു നൽകുന്ന തീറ്റയുടെയും ഗുണനിലവാരം നൂതന സാങ്കേതികവിദ്യയുടെ സഹായത്തോടെ പരിശോധിച്ച് ഫലങ്ങൾ വേഗത്തിൽ ലഭ്യമാക്കുന്നു.

സാമ്പിൾ കളക്ഷൻ സെന്ററിൽ എല്ലാ പ്രവർത്തിദിവസങ്ങളിലും രാവിലെ 10.00 മുതൽ ഉച്ചയ്ക്ക് 1.00 വരെ സാമ്പിൾ സ്വീകരിക്കുന്നതാണ്. സാമ്പിൾ നൽകുന്നതിനായി ബന്ധപ്പെടേണ്ട നമ്പർ: **9495076536**